# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -4596 26.10.2016-ൽ മറുപടിക്ക്**

**<u>കാലഹരണപ്പെട്ട നിയമങ്ങൾ</u>**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി.സി. ജോർജ്** | **പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി.** |

| | |
|---|---|
| സംസ്ഥാനത്ത് നിലവിലുള്ള കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുവാനും മുൻ തിരുവിതാംകൂർ, കൊച്ചി, മലബാർ ഭാഗങ്ങളിൽ ബാധകമായിട്ടുള്ള ശേഷിക്കുന്ന നിയമങ്ങൾ ഏകീകരിക്കുവാനും ഉദ്ദേശിക്കുന്നുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | കാലഹരണപ്പെട്ട സംസ്ഥാന നിയമങ്ങൾ കാലാകാലങ്ങളിൽ പരിശോധിച്ച് റദ്ദാക്കാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായ നിയമ പരിഷ്ക്കരണ കമ്മീഷൻ ശിപാർശ പ്രകാരം 102 നിയമങ്ങൾ റദ്ദ് ചെയ്യുവാനായി കരട് ബിൽ പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ 13-ാം നിയമസഭയിൽ ഈ ബിൽ പാസാക്കാനായില്ല. പ്രസ്തുത ബിൽ വീണ്ടും അവതരിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളിൽ ബാധകമായിട്ടുള്ള ശേഷിക്കുന്ന നിയമങ്ങൾ ഏകീകരിക്കുന്നത് സംബന്ധിച്ച് നടപടികളും നടന്നുവരികയാണ്. |

**ഉത്തരവിൻപ്രകാരം,**

**സെക്ഷൻ ഓഫീസർ**